# അഭയാർത്ഥിക്യാമ്പിലെ വിദ്യാർത്ഥി


വ്ളോഗ് ബ്രദറിന്റെ കൂടെ ഹുസ്സാം

കൂട്ടുകാർ ഹുസ്സാമിനെ കുറിച്ച് കേട്ടിട്ടുണ്ടോ. 2016-ലാണ് അവനെ ലോകമറിഞ്ഞത്. വ്ളോഗ് ബ്രദേഴ്സ് ചെയ്ത ഒരു വീഡിയോയിലൂടെയാണ് ഹുസ്സാം വൈറലായത്. ജോർദാനിലെ ഒരു അഭയാർത്ഥി ക്യാമ്പിലാണ് അവൻ. ഉമ്മയും സഹോദരനുമുണ്ടായിരുന്നു അവന്റെ കൂടെ.

അഭയാർത്ഥിക്യാമ്പിൽ വെച്ചാണ് അവൻ ഇംഗ്ലീഷ് ഭാഷ പഠിക്കുന്നത്. അതും മൂന്നു മാസം കൊണ്ട് ക്യാമ്പിലുണ്ടായിരുന്ന ഒരാൾ അവനെ സഹായിക്കുകയും ചെയ്തു. അവൻ മൊബൈലെടുത്ത് യൂട്യൂബിലെ വീഡിയോസ് കണ്ടും കേട്ടും പറഞ്ഞും അത്യധ്വാനം ചെയ്ത് ഭാഷ പഠിച്ചെടുക്കുകയായിരുന്നു. പതിനാറുകാരനായ അവന്റെ ആ ശ്രമം അന്ന് ലോകം അൽഭുതത്തോടെയാണ് കണ്ടത്. ഇന്നവന് ജർമൻ കൂടി അറിയാം. അവന്റെ ഉപ്പ ജർമനിയിലായതു കൊണ്ടാണ് അവൻ ജർമൻ പഠിക്കാൻ തുടങ്ങിയത്. ഇംഗ്ലീഷ് തന്നെ ബ്രിട്ടീഷും അമേരിക്കനും ആക്സന്റുകൾ ഹുസ്സാമിന് അറിയാം.

ഹുസ്സാമിന്റെ കുടുംബം ഇപ്പോൾ പലയിടത്തായി ചിതറിയിരിക്കുകയാണ്. കുറച്ചുപേർ സിറിയയിലും, ഹുസ്സാമും ഉമ്മയുമെല്ലാം ജോർദാനിലും, ഉപ്പ ജർമനിയിലും സഹോദരൻ തുർക്കിയിലും.

യുദ്ധവിമാനങ്ങളുടെയും തോക്കുകളുടെയും ശബ്ദങ്ങൾക്കിടയിലായിരുന്നു ഹുസ്സാമിന്റെ കുട്ടിക്കാലം. അവന്റെ സ്കൂൾ ബോംബിംഗിൽ തകർന്നു, ടീച്ചർ ക്ലാസെടുക്കുന്നതിനിടയിലായിരുന്നു ബോംബ് വർഷിച്ചത്. അവന്റെ കുറേ കൂട്ടുകാർ അതിൽ മരണപ്പെടുകയും ചെയ്തു.

സിറിയയിലെ അവസ്ഥ കൂടുതൽ മോശമായതിനെ തുടർന്ന് അവിടെ നിന്ന് പാലായനം ചെയ്യുകയായിരുന്നു. എഞ്ചിനീയറാകണം എന്നതാണ് ഹുസ്സാമിന്റെ ആഗ്രഹം.

ഒരുപാട് സൗകര്യങ്ങൾക്കും സന്തോഷങ്ങൾക്കും നടുവിലുള്ള നമുക്ക് ഹുസ്സാമിൽ നിന്ന് ഒരുപാട് പഠിക്കാനില്ലേ കൂട്ടുകാരേ. പഠിക്കാൻ ഒരു സ്കൂൾ പോലുമില്ലാഞ്ഞിട്ടും കഷ്ടപ്പെട്ട് പഠിക്കുന്ന ഹുസ്സാം നമ്മുടെ കണ്ണ് നിറക്കുന്നില്ലേ.!


*ഗെയിമോഫ് ത്രോൺസ് നടൻ ലയാം കന്നിൻഗം ജോർദാനിൽ വന്ന് ഹുസ്സാമിനെ സന്ദർശിച്ചപ്പോൾ*

മനുഷ്യൻ ആദ്യമായി ഇണക്കി വളർത്തിയ ജീവി- നായ